DCPO/TSR/1540/2016

ജില്ലാശിശു സംരക്ഷണ
ഓഫീസറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ,
തൃശ്ശൂർ - 680 003.
തീയ്യതി: 01.10.2016

<u>പത്രക്കുറിപ്പ്</u>

കേരള സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നവംബർ 14 മുതൽ നവംബർ 22 -ാം തിയ്യതി വരെയുള്ള കുട്ടികളുടെ അവകാശ വാരാചരണത്തിന്റെ ഭാഗമായി ജില്ലാതലത്തിൽ 8 -ാം ക്ലാസ്സ് മുതൽ 12 -ാം ക്ലാസ്സ് വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്കായി (CBSE, ICSE ഉൾപ്പെടെ) 2016 ഒക്ടോബർ മാസം 22 -ാം തിയ്യതി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജില്ലാതല വിജയികൾക്കായി സംസ്ഥാനതല മത്സരം സംഘടിപ്പിക്കുന്നുണ്ട്. ജില്ലാതല ക്വിസ് മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന സ്കൂളുകൾക്ക് തങ്ങളുടെ സ്കൂളിനെ പ്രതിനിധീകരിച്ച് 2 പേര് അടങ്ങുന്ന ഒരു ടീമിനെ അയക്കാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 ടീമുകളാണ് മത്സരത്തിൽ പങ്കെടുക്കാൻ അർഹത നേടുക. dcputsr@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമെ മത്സരത്തിൽ പങ്കെടുക്കുവാൻ കഴിയുകയുള്ളൂ. തപാൽ മാർഗമോ, ഫോൺ മുഖാന്തരമോ രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല. 13.10.2016 നോ, അതിനു മുമ്പായോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഇന്ത്യൻ ഭരണഘടനയിലെ കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട ആർട്ടിക്കിൾ, ഐക്യരാഷ്ട്രസഭ അംഗീകരിച്ച കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട പ്രധാന ഉടമ്പടികളും പ്രഖ്യാപനങ്ങളും, കുട്ടികൾക്കുവേണ്ടിയുള്ള ദേശീയ-സംസ്ഥാന നയങ്ങൾ, കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട ബഹു. സുപ്രീംകോടതിയുടെ സുപ്രധാന വിധിന്യായങ്ങൾ, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശ നിയമം - 2009, ബാലനീതി നിയമം - 2015, കുട്ടികളുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട കമ്മീഷൻ ആക്ട് - 2005, ബാലവേല നിരോധന നിയമം - 2016, പോക്സോ ആക്ട് - 2012, ശൈശവ വിവാഹ നിരോധന നിയമം - 2006, കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക.

കൂടുതൽ വിവരങ്ങൾക്ക് അയ്യന്തോൾ സിവിൽ സ്റ്റേഷനിലുള്ള 2 -ാം നിലയിൽ പ്രവർത്തിക്കുന്ന മത്സരത്തിന്റെ സംഘാടന ചുമതലയുള്ള ജില്ലാ ശിശുസംരക്ഷണ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ 04872364445, 9995075015.

മത്സരത്തിൽ പങ്കെടുക്കുവാൻ അർഹത നേടുന്ന സ്കൂളുകളെ സംബന്ധിച്ച വിവരം, മത്സര വേദി എന്നിവ യഥാസമയം ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്.

District Child Protection Officer
Thrissur

ജില്ലാ ശിശുസംരക്ഷണ ഓഫീസർ
തൃശ്ശൂർ

Scanned by CamScanner
Scanned by CamScanner